**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2241** **20-01-2021 - ൽ മറുപടിയ്ക്ക്**

**സൗജന്യ ഭക്ഷ്യകിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | **Shri P. Thilothaman**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) | |
| (എ) | 2020 ഡിസംബറിൽ സൗജന്യ ഭക്ഷ്യകിറ്റ് എത്രപേർക്ക് നൽകുമെന്നാണ് പ്രഖ്യാപിച്ചത്; അതിൽ എത്ര പേർക്ക് ഇതിനകം കിറ്റ് വിതരണം നടത്തി; | (എ) | 2020 ഡിസംബറിലെ കിറ്റ് സംസ്ഥാനത്തെ 88,68,717 റേഷൻ കാർഡുടമകൾക്ക് വിതരണം ചെയ്യുവാനാണ് നിശ്ചയിച്ചിട്ടുള്ളത്. ആയതിൽ 16.01.2021 വരെ 80,58,403 റേഷൻ കാർഡുടമകൾക്കുള്ള കിറ്റ് വിതരണം പൂർത്തിയായി കഴിഞ്ഞു. ഇതിനു പുറമെ അംഗീകാരമുള്ളതും ഇല്ലാത്തതുമായ എല്ലാ അഗതി മന്ദിരങ്ങളിലേയും ആശ്രമങ്ങളിലേയും മഠങ്ങളിലേയും അന്തേവാസികൾക്കും കിറ്റ് നല്കുവാൻ തീരുമാനിച്ചിരുന്നു. ഇത്തരത്തിൽ 12.01.2021 വരെ 12,564 ഡിസംബർമാസ കിറ്റുകൾ അഗതി മന്ദിര/ആശ്രമ അന്തേവാസികൾക്കായി നല്കിയിട്ടുണ്ട്. |
| (ബി) | നവംബർ മാസത്തെ സൗജന്യ കിറ്റ് ഇതിനകം എത്രപേർക്ക് വിതരണം നൽകി; | (ബി) | നവംബർ മാസത്തെ കിറ്റ് 16.01.2021 വരെ 84,42,566 റേഷൻ കാർഡുടമകൾക്ക് വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ 12.01.2021 വരെ അഗതി മന്ദിര/ആശ്രമ അന്തേവാസികൾക്കായി 12,768 നവംബർമാസ കിറ്റുകളും നല്കിയിട്ടുണ്ട്. |
| (സി) | ഭക്ഷ്യവസ്തുക്കളുടെ ദൗർലഭ്യം കിറ്റ് വിതരണത്തിൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വസ്തുക്കൾക്കാണ് ദൗർലഭ്യം ഉണ്ടായിട്ടുള്ളതെന്ന് അറിയിക്കാമോ; | (സി) | ഭക്ഷ്യ കിറ്റുകളിൽ ഉൾപ്പെടുന്ന പയർ വർഗ്ഗങ്ങൾക്കായി പ്രധാനമായും അന്യസംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നതെന്നതിനാൽ, കോവിഡ് അനുബന്ധ നിയന്ത്രണങ്ങളാലും മറ്റും പയർ വർഗ്ഗങ്ങൾക്ക് താൽക്കാലികമായ ദൗർലഭ്യം അനുഭവപ്പെട്ടിട്ടുണ്ട്. എന്നാൽ സമയബന്ധിതമായ തുടർ നടപടികളിലൂടെയും തത്തുല്യമായ രീതിയിൽ പകരമായി ഉൾപ്പെടുത്താവുന്ന ഇനങ്ങൾ ഉപയോഗപ്പെടുത്തിയും കിറ്റ് വിതരണത്തിൽ പ്രതിസന്ധി സൃഷ്ടിക്കാത്ത വിധം ദൗർലഭ്യത്തിന് പരിഹാരം കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) | തങ്ങൾക്ക് നൽകാത്ത കിറ്റ് സിവിൽ സപ്ലൈസ് വിഭാഗം കണക്കിൽ കൂട്ടുന്നതായും അത് | (ഡി) | ഇത്തരം പരാതികൾ ഒന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | കാർഡുടമകളുമായിട്ടുള്ള തർക്കത്തിന് ഇടയാക്കുമെന്നും കാണിച്ച് റേഷൻകട ഉടമകൾ പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇത്തരം പരാതികളിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ